# എറണാകുളത്തെ സാമൂഹ്യമേള

സ്ത്രീശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യത്തിൽ വർത്തിക്കുന്ന കുടുംബശ്രീ കേരള സമൂഹത്തിലെ സ്ത്രീകൾക്കിടയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ അസംഖ്യമാണ്. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുകയും അതുവഴി കുടുംബങ്ങളിലും സമൂഹത്തിലും അവരുടെ സ്ഥാനം മെച്ചപ്പെടുത്തുന്ന തിനൊപ്പം തന്നെ ഇന്നത്തെ സമൂഹത്തിൽ അവർ നേരിടുന്ന നിരവധിയായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള കരുത്തും ഊർജ്ജവും കുടുംബശ്രീ അയൽ ക്കൂട്ട വനിതകൾക്കേകുന്നു. ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിനുള്ള പദ്ധതികളോടൊപ്പം തന്നെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യട്ടുള്ള പ്രവർത്തനങ്ങൾക്കായി ഒരു 'ജെൻഡർ' വിഭാഗം തന്നെയുണ്ട് കുടുംബശ്രീയിൽ.

സ്നേഹിത, ജെൻഡർ റിസോഴ്സ് സെന്റർ, വിജിലന്റ് ഗ്രൂപ്പുകൾ, അരക്ഷിതാവസ്ഥാ പഠനം, സ്ത്രീപദവി സ്വയംപഠന പ്രക്രിയ, ക്രൈം മാപ്പിങ്, സ്നേഹിത കോളിങ് ബെൽ എന്നിങ്ങനെ സംസ്ഥാനതലത്തിൽ നിരവധി പ്രവർത്തനങ്ങളാണ് ജെൻഡർ വിഭാഗത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. ഇതിനെല്ലാം പുറമേ അതാത് ജില്ലകളും ജെൻഡർ വിഭാഗത്തിൽ നിരവധി മാതൃകാ പരിപാടികൾ നടത്തിവരുന്നു. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ ദിനംതോറും വർദ്ധിച്ചുവരികയാണ്. സ്വന്തം വീടുകൾ മുതൽ തൊഴിലിടങ്ങളിലും പൊതു ഇടങ്ങളിലും സ്ത്രീകൾ അരക്ഷിതാവസ്ഥ നേരിടുന്നുണ്ട്.ഈ ഒരു സാഹചര്യത്തിലാ ണ് പൊതു സമൂഹത്തെ സ്ത്രീ സൗഹൃദമാക്കുന്നത് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾക്ക് തുടക്കമിട്ടത്.

അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമെന്ന നിലയിൽ 'സ്നേഹിത' കേന്ദ്രങ്ങൾ നിലവിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുക, സ്ത്രീകളുടെ പ്രാപ്തി വർദ്ധനവ്, കലാ-കായിക പ്രവർത്തനങ്ങൾ, ഉപജീവനം, അതിജീവനം എന്നിവയെ പിന്തുണയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്നേഹിത പ്രവർത്തിക്കുന്നത്. ഈ സ്നേഹിത സെന്ററുകളെ ല്ലാം ജില്ലാ കേന്ദ്രങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ തന്നെ ഈ കേന്ദ്രങ്ങ ളിൽ നിന്ന് ഏറെ ദൂരെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന സ്ത്രീകൾക്ക് സഹായമേ കാൻ സ്നേഹിതയുടെ പ്രാദേശിക ഘടകമെന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു കേന്ദ്രം ആവശ്യമാണെന്ന ചിന്തയിൽ നിന്നാണ് ഓരോ ജില്ലയിലും ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കാൻ സംസ്ഥാന മിഷൻ തീരുമാനം കൈക്കൊണ്ടത്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ സംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും ജിആർസി മുഖേന നൽകുമെന്നും തീരുമാനിച്ചു.

**ഉദ്ദേശ ലക്ഷ്യങ്ങൾ**

**ജെൻഡർ റിസോഴ്സ് സെന്ററുകൾ**

സ്ത്രീകളുടെ വിവിധ തലത്തിലുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലെ അവസ്ഥകൾ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് സമൂഹത്തിൽ അവരവരുടേതായ സ്ഥാനം ഉറപ്പിക്കുകയുമാണ് ജെൻഡർ റിസോഴ്സ് സെന്ററിന്റെ ദൗത്യങ്ങ ളിലൊന്ന്. പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിന് ആവശ്യമായ കൗൺസിലിങ് നൽകുന്ന തിനുള്ള തദ്ദേശ സ്വയംഭരണതലത്തിൽ ലിംഗപദവിയിൽ അധിഷ്ഠിതമായ സ്ഥിരം സംവിധാനവുമാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ. ജെൻഡർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സിഡിഎസ് തലത്തിലുള്ള ഒരു കേന്ദ്രവുമാണ് ഈ റിസോഴ്സ് സെന്ററുകൾ. ജനപ്രതിനിധികളടക്കം സമൂഹത്തിലെ ഏവർക്കും ജെൻഡർ അവബോ ധത്തിനായി പരിശീലനങ്ങൾ നൽകുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെയും പ്രവർത്തനങ്ങളെയും സ്ത്രീപക്ഷ കാഴ്ച്ചപ്പാടോടു കൂടി കണ്ട് വികസിപ്പിക്കുകയെന്നതും ജെൻഡർ റിസോഴ്സ് സെന്ററുകൾ ലക്ഷ്യം വയ്ക്കുന്നു. ഓരോ ജില്ലയിലെയും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ തലത്തിൽ ഏകോപിപ്പിക്കുകയെന്ന ദൗത്യവും ജെൻഡർ റിസോഴ്സ് സെന്ററുകൾക്കുണ്ട്.

**എറണാകുളത്തെ സാമൂഹ്യമേള**

86 ജിആർസികളാണ് ഇതുവരെ ജില്ലയിൽ ആരംഭിച്ചിട്ടുള്ളത്. ആകെ 101 സിഡിഎസുകളാണ് ജില്ലയിലുള്ളത്. വിവിധ തരത്തിലുള്ള പരിശീലനങ്ങളാണ് എറണാകുളം ജില്ലയിലെ ജിആർസികൾ വഴി നൽകുന്നത്. നൃത്തം, യോഗ, ശിങ്കാരിമേളം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ വനിതകൾക്ക് മാത്രമായി നടത്തുന്നു. പിഎസ്സി പരിശീലനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കൊപ്പം നൽകുന്നുണ്ട്. ഇത്രയും വൈവിധ്യമായ പരിപാടികൾ നടത്തുന്നതിനാൽ തന്നെ ജെൻഡർ റിസോഴ്സ് സെന്ററുകൾക്ക് പ്രവർത്തിക്കാൻ വലിയൊരു മുറിയുടെ ആവശ്യമുണ്ട്. അങ്ങനെയുള്ള സൗകര്യങ്ങളാണ് ജിആർസികൾ ആരംഭിച്ചിരിക്കുന്ന പഞ്ചായത്തുകളിലെല്ലാം നൽകിയിരിക്കുന്നതും. ജെൻഡർ റിസോഴ്സ് പേഴ്സൺമാരാണ് ജിആർസികളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

**ആശയത്തിലേക്കെത്തിയത്**

കേരളത്തിലെമ്പാടുമുള്ള ജിആർസികളുടെ വ്യാപക പ്രചാരണാർത്ഥം ജിആർസി വാരാഘോഷം സംഘടിപ്പിക്കണമെന്ന നിർദ്ദേശം സംസ്ഥാന മിഷൻ എല്ലാ ജില്ലകൾ ക്കും നൽകിയിരുന്നു. 2019 ഒക്ടോബർ പത്തിനകം വാരാഘോഷം സംഘടിപ്പിക്ക ണമെന്നായിരുന്നു നിർദ്ദേശിച്ചിരുന്നത്. എന്നാൽ ജില്ലയിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തിനാൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നത് ഈ നിർദ്ദേശം പാലിക്കുന്നതിന് തടസ്സമായി. അതിനാൽ തന്നെ പെരുമാറ്റച്ചട്ടം പിൻവലിച്ചതിന് ശേഷം ഒക്ടോബർ 30, 31 തിയതി കളിലായി ജെൻഡർ റിസോഴ്സ് സെന്റർ വാരാഘോഷം സാമൂഹ്യമേള എന്ന നിലയിൽ

സംഘടിപ്പിക്കാൻ തീരുമാനിക്കുകയായിരുന്നു. 86 ജിആർസികളെ ഉണ്ടായിരുന്നുള്ളുവെങ്കിലും ശേഷിച്ച 15 സിഡിഎസുകളിൽ കൂടി ജില്ലാ മിഷന്റെ നേതൃത്വത്തിൽ സമൂഹ്യമേള നടത്താനും തീരുമാനിച്ചു.

ഇരുപത് വർഷത്തെ പ്രവർത്തനം പിന്നിട്ട കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കെല്ലാം പ്രചാരണം നൽകുകയെന്ന ലക്ഷ്യമാണ് സാമൂഹ്യമേളയ്ക്കുണ്ടായിരുന്നത്. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ സാമൂഹ്യമേളയിലൂടെ പൊതുജനങ്ങളുമായി പങ്കുവയ്ക്കുന്ന എല്ലാത്തരത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് വേണം പരിപാടി നടത്താനെന്നും തീരുമാനിച്ചു.

**പ്രവർത്തനം**

സാമൂഹ്യമേളയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ തയാറാക്കി അത് സിഡിഎസുകൾക്ക് നൽകി. പഴയ ഗ്രാമസഭയുടെ മാതൃകയിൽ സാമൂഹ്യമേള സംഘടിപ്പിക്കാമെന്നാണ് തീരുമാനിച്ചത്.

**നൽകിയ പ്രധാന നിർദ്ദേശങ്ങൾ**

1. പൊതുജനങ്ങൾക്ക് കാണാനാകുന്ന രീതിയിൽ, ജനശ്രദ്ധ കിട്ടുന്നിടത്ത് പഞ്ചായത്തിലെ അല്ലെങ്കിൽ നഗരസഭയിലെ പ്രധാന കവലയുടെ സമീപം വഴിയോരത്ത് നല്ല തണല് കിട്ടുന്ന വൃക്ഷച്ചുവട്ടിൽ പരിപാടി നടത്തണം.

2. ഈ വൃക്ഷവും റോഡിന് ഇരുവശവും ഹരിത ചട്ടം പാലിച്ച് അലങ്കരിക്കണം

3. എംപി, എംഎൽഎ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരെക്കൊണ്ട് പരിപാടിയുടെ ഉദ്ഘാടനം നടത്താൻ ഇടപെടണം.

4. അതാത് പ്രദേശത്തെ ബ്ലോക്ക് കോർഡിനേറ്റർമാരും ട്രെയിനിങ് ടീം അംഗങ്ങളും എംഇസിമാരും, കാസ് അംഗങ്ങളും റിസോഴ്സ് പേഴ്സൺമാരും, മാസ്റ്റർ ഫാർമേഴ്സും ഉൾപ്പെടെ കുടുംബശ്രീയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏവരുടേയും സാന്നിധ്യം സാമൂഹ്യമേളയിൽ ഉറപ്പു വരുത്തണം.

5. സാമൂഹ്യമേളയ്ക്കൊപ്പം ഗ്രാമസഭയോ വാർഡ് സഭയോ നടത്താനുള്ള സാധ്യതകളും തദ്ദേശ സ്ഥാപനങ്ങളുമായി ആലോചിക്കണം.

സാമൂഹ്യമേളയിൽ എന്തൊക്കെ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം ഒക്ടോബർ ആദ്യം തന്നെ നൽകി.

1. കുടുംബശ്രീ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചുമുള്ള ക്യാമ്പെയ്നും കുടുംബശ്രീ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും കലാസന്ധ്യകളും മേളയിൽ

നടത്തണം. മൈക്രോ ഫിനാൻസ് - സംഘടന (സ്ത്രീ സുരക്ഷാ ബീമായോജന, ലിങ്കേജ്, വയോജന അയൽക്കൂട്ടങ്ങളുടെ സംഗമം), സൂക്ഷ് സംരംഭം- മാർക്കറ്റിങ് (ഉത്പന്ന പ്രദർശനവും വിൽപ്പനയും, സ്വാപ് ഷോപ്പ്, അമൃതം ന്യൂട്രിമിക്സ്, സാന്ത്വനം തുടങ്ങിയ പദ്ധതികളുടെ ഭാഗമായി സേവനം ഉത്പന്നവും എത്തിക്കണം, പദ്ധതി വിശദാംശങ്ങളുടെ ക്യാമ്പെയ്ൻ) ജെഎൽജി- എംകെഎസ്പി (ഉത്പന്ന പ്രദർശനവും വിൽപ്പനയും, പദ്ധതി വിശദാംശങ്ങളുടെ ക്യാമ്പെയ്ൻ), സാമൂഹ്യ വികസനം- ബാലസഭ- ബഡ്സ്- ആശ്രയ (ചിത്ര പ്രദർശം, പദ്ധതി വിശദാംശ ക്യാമ്പെയ്ൻ), ഡിഡിയുജികെവൈ (ചിത്ര പ്രദർശനം, പദ്ധതി വിശദാംശ ക്യാമ്പെയ്ൻ), എസ് വിഇപി (ചിത്ര പ്രദർശനം, പദ്ധതി വിശദാംശ ക്യാമ്പെയ്ൻ), ട്രൈബൽ (ഉത്പന്ന പ്രദർശനവും വിൽപ്പനയും പദ്ധതി വിശദാംശ ക്യാമ്പെയ്നും), ജെൻഡർ (മുഴുവൻ സമയ സ്നേഹിത ഹെൽപ്പ് ഡെസ്ക്ക്, പദ്ധതി വിശദാംശ ക്യാമ്പെയ്ൻ, ലഘുലേഖ വിതരണം ചെയ്യൽ, അടിക്കുറിപ്പ് മത്സരം).

മേൽ സൂചിപ്പിച്ച പരിപാടികളെല്ലാം സാമൂഹ്യമേളയുടെ ഭാഗമായി നടത്തണമെന്ന നിർദ്ദേശം നൽകി. കൂടുതൽ വിപുലമാക്കാനുള്ള സ്വാതന്ത്ര്യവും അതാത് ജില്ലാ പ്രോഗ്രാം മാനേജർമാർക്കും ബ്ലോക്ക് കോർഡിനേറ്റർമാർക്കും നൽകി.

2. കുടുംബശ്രീയുടെ വളർച്ചയിൽ സഹായിച്ച മുൻകാല പ്രവർത്തകരെയും മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനാ ഭാരവാഹികളെയും ഉദ്യോഗസ്ഥരെയും സാമൂഹ്യമേളയിൽ പങ്കെടുപ്പിക്കണം.

3. ഓരോ ദിവസവും കുറഞ്ഞത് 1.30 മണിക്കൂർ 15 ൽ താഴെ പേരുൾപ്പെടുന്ന ഗ്രൂപ്പ് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കണം.

4. പുതിയ അയൽക്കൂട്ടങ്ങൾ, പ്രത്യേക അയൽക്കൂട്ടങ്ങൾ, വയോജന അയൽക്കൂട്ടങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി അവർക്ക് കുടുംബശ്രീയുടെ പ്രവർത്തനത്തെ അറിയാനുള്ള അവസരം നൽകണം.

5. വൈകിട്ട് 5 മുതൽ അയൽക്കൂട്ട വനിതകൾ പങ്കെടുക്കുന്ന കലാസന്ധ്യ സംഘടിപ്പിക്കണം.

6. രാത്രിയും പരിപാടികൾ നടത്തണം.

7. മിതമായ നിരക്കിൽ നാടൻ ഭക്ഷണം നൽകുന്ന യൂണിറ്റുകളെ മേളയുടെ ഭാഗമാക്കണം.

8. സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തണം.

## തുക വിനിയോഗം

സാമൂഹ്യമേള സംഘടിപ്പിക്കാൻ പരമാവധി 7100 രൂപ ചെലവാക്കാനുള്ള

നിർദ്ദേശമാണ് നൽകിയത്. 5000 രൂപ ഓരോ സിഡിഎസിനും മുൻകൂറായി അനുവദിച്ചു. പരിധിയിൽ കൂടുതൽ തുക ആയാൽ അത് സ്വംയ കണ്ടെത്താനുള്ള നിർദ്ദേശവും സിഡിഎസിന് നൽകി.

**നടത്തിപ്പും ഫലവും**

**സിഡിഎസുകൾ നടത്തിയ പ്രധാന പരിപാടികൾ**

1. ലിംഗപദവി സമത്വവും നീതിയും വിവരശേഖരണ ഫോം പൂരിപ്പിക്കലും ചർച്ചയും- കോട്ടുവള്ളി, വടക്കേക്കര, ചേന്നമംഗംല, ഏഴിക്കര, നോർത്ത് പറവൂർ, പെരുമ്പാവൂർ, എടത്തല, കിഴക്കമ്പലം, മഞ്ഞള്ളൂർ, ആയവന, മഞ്ഞള്ളൂർ പായിപ്ര, വാരപ്പെട്ടി, കുട്ടമ്പുഴ, കോട്ടപ്പടി, കോട്ടപ്പടി, നെല്ലിക്കുഴി, പാമ്പാക്കുട, കാഞ്ഞൂർ, കടുങ്ങല്ലൂർ, ഏലൂർ, കരുമാല്ലൂർ, നോർത്ത് പറവൂർ, കാവളങ്ങാട്, നായരമ്പലം, തുറവൂർ

2. ജെൻഡർ അധിഷ്ഠിത ക്വിസ് മത്സരങ്ങൾ- കോട്ടുവള്ളി, വടക്കേക്കര, ചേന്നമംഗംലം, ഏഴിക്കര, നോർത്ത് പറവൂർ, പെരുമ്പാവൂർ, എടത്തല കിഴക്കമ്പലം, വാഴക്കുളം, മഞ്ഞപ്ര, കീഴ്മാട്, കീരംപാറ, ആവോലി, പാലക്കുഴ, ആരക്കുഴ, മഞ്ഞള്ളൂർ, ആയവന, മഞ്ഞള്ളൂർ പായിപ്ര, വാരപ്പെട്ടി, കുട്ടമ്പുഴ, കോട്ടപ്പടി, നെല്ലിക്കുഴി, പാമ്പാക്കുട, കാഞ്ഞൂർ, കടുങ്ങല്ലൂർ, ഏലൂർ, കരുമാല്ലൂർ, നോർത്ത് പറവൂർ, കാവളങ്ങാട്, നായരമ്പലം, തുറവൂർ

3. സ്നേഹിത കോളിങ് ബെൽ ഗുണഭോക്താക്കൾക്കും വയോജനങ്ങൾക്കും മെഡിക്കൽ ക്യാമ്പ്- കിഴക്കമ്പലം, കുട്ടമ്പുഴ, തുറവൂർ, ആലുവ

4. ജെൻഡർ യൂത്ത് മൂവ്മെന്റ് കുട്ടികൾക് ക്വിസ് മത്സരം- പൈങ്ങോട്ടൂർ

5. അഡോളസെന്റ് കുട്ടികൾക്ക് ക്ലാസ്സ്- പൈങ്ങോട്ടൂർ കുട്ടമ്പുഴ

6. വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾക്ക് പോലീസ്, എക്സൈസ്, കെൽസ, ഹെൽത്ത് ഡിപ്പാർട്ട്മെന്റുകൾ വഴി ശിൽപ്പാല- ആവോലി, മാറാടി, മഴുവന്നൂർ, ആരക്കുഴ, ആയവന, പായിപ്ര, വടക്കേക്കര ആലുവ, കുട്ടമ്പുഴ, തുറവൂർ

7. വിജിലന്റ് ഗ്രൂപ്പ് റിവ്യൂ- കീഴ്മാട്, കീരംപാറ, കോട്ടപ്പടി, മഞ്ഞപ്ര, വടക്കേക്കര, നെല്ലിക്കുഴി, പാമ്പാക്കുട, കാഞ്ഞൂർ

8. ജെൻഡറും സമൂഹവും ചർച്ചയും സംവാദവും- പെരുമ്പാവൂർ, വേങ്ങൂർ, കോതമംഗംലം, വെങ്ങോല, എടത്തല

9. സ്നേഹിത അവബോധ ക്ലാസ്സ്- കോട്ടുവള്ളി, വടക്കേക്കര, ചേന്നമംഗംലം, ഏഴിക്കര, നോർത്ത് പറവൂർ, പെരുമ്പാവൂർ, എടത്തല കിഴക്കമ്പലം, വാഴക്കുളം, മഞ്ഞപ്ര,

കീഴ്മാട്, കീരംപാറ, ആവോലി, പാലക്കുഴ, ആരക്കുഴ, മഞ്ഞള്ളൂർ, ആയവന, മഞ്ഞള്ളൂർ പായിപ്ര, വാരപ്പെട്ടി, കുട്ടമ്പുഴ, കോട്ടപ്പടി, നെല്ലിക്കുഴി, പാമ്പാക്കുട, കാഞ്ഞൂർ, കടുങ്ങല്ലൂർ, ഏലൂർ, കരുമാല്ലൂർ, നോർത്ത് പറവൂർ, കവളങ്ങാട്, നായരമ്പലം, തുറവൂർ

10. താത്ക്കാലിക ജെൻഡർ ഹെൽപ്പ് ഡെസ്ക്ക്- കോട്ടുവള്ളി, വടക്കേക്കര, ചേന്നമംഗംലം, നോർത്ത് പറവൂർ, പെരുമ്പാവൂർ, എടത്തല കിഴക്കമ്പലം, വാഴക്കുളം, മഞ്ഞപ്ര, കീഴ്മാട്, കീരംപാറ, ആവോലി, പാലക്കുഴ, ആരക്കുഴ, മഞ്ഞള്ളൂർ, ആയവന, മഞ്ഞള്ളൂർ പായിപ്ര, വാരപ്പെട്ടി, കുട്ടമ്പുഴ, കോട്ടപ്പടി, നെല്ലിക്കുഴി, പാമ്പാക്കുട, കാഞ്ഞൂർ, കടുങ്ങല്ലൂർ, ഏലൂർ, കരുമാല്ലൂർ, നോർത്ത് പറവൂർ, കവളങ്ങാട്, നായരമ്പലം, തുറവൂർ

11. സ്നേഹിത കോളിങ് ബെൽ അംഗങ്ങൾക്ക് കിറ്റ് വിതരണം- പാമ്പാക്കുട

12. സ്നേഹിത കോളിങ് ബെൽ അംഗങ്ങൾക്ക് ഹെൽത്ത് ചെക്കപ്പ്- കടുങ്ങല്ലൂർ

13. മയിലാഞ്ചി ഇടീൽ മത്സരം (തുറവൂർ, കാഞ്ഞൂർ), വെജിറ്റബിൾ ഫ്ളവർ അറേഞ്ച്മെന്റ് മത്സരം (തുറവൂർ), കുടുംബശ്രീ പദ്ധതികളെക്കുറിച്ച് വാർഡ് അധിഷ്ഠിതമായി തയാറാക്കൽ, കസേരകളി, ഒപ്പന, നാടൻ പാട്ട് തുടങ്ങിയ കലാപരിപാടികളും എല്ലാ സിഡിഎസുകളിലും നടന്നു.

14. ജെൻഡർ അവബോധ ക്ലാസ്സ്- നായരമ്പലം (ശീതൾ ശ്യാം നയിച്ചു)

15. കോളിങ് ബെൽ അംഗങ്ങൾക്ക് യോഗ- മെഡിറ്റേഷൻ ക്ലാസ്സ്- മഞ്ഞപ്ര

16. മുൻ സിഡിഎസ് ഭാരവാഹികളുടെ സംഗമവും അനുഭവം പങ്കിടലും ആദരിക്കലും- പെരുമ്പാവൂർ, വാഴക്കുളം, രായമംഗംലം, തിരുവാണിയൂർ

**മറ്റ് ഫലങ്ങൾ**

1. സിഡിഎസുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ആ രണ്ട് ദിവസങ്ങളിലും സാമൂഹ്യമേള വേദിയിൽ നടത്തി
2. കഫേ യൂണിറ്റുകൾ 14 ലക്ഷത്തോളം രൂപ സാമൂഹ്യമേള വഴി വിറ്റുവരവ് നേടി. പുതിയ കഫേ യൂണിറ്റുകളും ഇതിന്റെ ഭാഗമായി രൂപീകരിച്ചു.
3. കൃഷി ഭവനുമായി യോജിച്ച് പരിശീലനങ്ങൾ നടത്തി.
4. ആർട്ടിഫിഷൽ ജുവലറി നിർമ്മാണം ഉൾപ്പെടെ സംരംഭകത്വ പരിശീലനം നൽകി
5. വയോജന അയൽക്കൂട്ട അംഗങ്ങൾ മേളയിൽ ഫലപ്രദമായി ഇടപെട്ടു.

**ഭാവി**

രാത്രി 11 മണിവരെയെങ്കിലും നീളുന്ന മേള എല്ലാ സിഡിഎസുകളിലും സംഘടിപ്പി ക്കണം. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമുൾപ്പെടെ കുടുംബാംഗങ്ങളെല്ലാം

പങ്കെടുക്കുന്ന വിധത്തിൽ സംഘടിപ്പിക്കണമെന്നാണ് തീരുമാനം. എല്ലാ ജില്ലകളി ലേക്കും ജിആർസി വാരാഘോഷം സാമൂഹ്യമേളയുടെ മാതൃകയിലാക്കിയാൽ അതിന് സഹായം നൽകുക.

---